# ST.JOSEPH'S L.P SCHOOL PIRAVOM

## Academic Masterplan 2025 - 2026



സെന്റ് ജോസഫ്സ് എൽ. പി. എസ്. പിറവം

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-'26 Std- I

ആമുഖം

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാപദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസ്സിലെ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ക്ലാസ്സിലേക്ക് കടന്നു വന്ന മുഴുവൻ കുട്ടികളും ഭാഷയിൽ ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പറഞ്ഞും എഴുതിയും പങ്കിടാൻ കഴിവുള്ളവരാക്കുക, സ്വതന്ത്രരചന നടത്താൻ കഴിവുള്ളവരാക്കുക എന്നതാണ് മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ. ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കുവാനും പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

വിഷയം:. മലയാളം

ലക്ഷ്യങ്ങൾ

- ★ ഒന്നാം ക്ലാസ്സിലെ എല്ലാകുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- ★ എല്ലാകുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- ★ സ്വന്തമായി ചെറുപാട്ടുകളും കവിതകളും നിർമ്മിക്കുന്നതിന് കഴിവ് നേടുക.
- ★ കേട്ടതോ വായിച്ചതോ ആയ നിർദ്ദേശങ്ങൾ, അറിയിപ്പുകൾ, ബോർഡുകൾ, കത്തുകൾ എന്നിവയിലെ ഉള്ളടക്കം ഗ്രഹിച്ച് പ്രവർത്തിക്കുന്നതിനും അറിയിപ്പുകൾ കത്തുകൾ എന്നിവ തയ്യാറാക്കാനും കഴിയുന്നു.
- ★ വായനാസാമഗ്രികൾ പരസഹായമില്ലാതെ വായിക്കുന്നു.
- ★ ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- ★ സ്വന്തമായി ഡയറി എഴുതുന്നു.

വായന

ചിത്രവായന

വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.

വായനാമൂല ഒരുക്കൽ

പത്രവായന

വായനകാർഡ് തയ്യാറാക്കൽ

ലേഖനം

ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.

സചിത്രബുക്ക് [അഞ്ചെഴുത്ത്]

സംയുക്തഡയറി എഴുത്ത്

ആവർത്തിച്ചുവരുന്ന അക്ഷരം, പദം ഇവ കണ്ടെത്തി എഴുതുന്നു.

സാങ്കല്പികഡയറി എഴുതുന്നു.

വരികൾ കൂട്ടിച്ചേർക്കുന്നു.

ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു

സ്വന്തമായി പതിപ്പ് തയ്യാറാക്കുന്നു.

English

Aim : To speak, read and write english without any mistakes.

Skills : To devolve listening skills and reading skills.

: Description, growing sentences, picture reading riddles, quiz etc.

Reading skills : Reading breaking news

: Find words from reading materials

: Rhyming words

: Describing words from text book activities.

Writing skills: Make word web

: Picture description

: Word chain

: Story telling

: Riddles

: Conversation

## ഗണിതം

**ലക്ഷ്യങ്ങൾ**

1. ഒന്ന് മുതൽ അഞ്ചുവരെ സംഖ്യകൾ തിരിച്ചറിയുന്ന എഴുതുന്നു.
2. അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

**ലക്ഷ്യം**

സംഖ്യാബോധം - സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം
സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
സംഖ്യാകാർഡ് നിർമ്മിക്കൽ

ഗണിതകിറ്റ് - ഗണിതപഠനത്തിൽ സഹായകമായ വിധത്തിൽ ഗണിതകിറ്റ് നിർമ്മിക്കുന്നു.

വലിയസംഖ്യ - ഒന്ന് മുതൽ 20 വരെ സംഖ്യകൾ

ചെറിയസംഖ്യ - വലിയസംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം.

സങ്കലനം - സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- സങ്കലനപ്രക്രിയകൾ നടത്തൽ
- ഒന്നിനോടൊന്ന് കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും.

ഒറ്റസംഖ്യകൾ. ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ
ഇരട്ടസംഖ്യകൾ. ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവുണ്ടാക്കൽ.

സംഖ്യാഗാനങ്ങൾ. സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു.

വർക്ക് ഷീറ്റ് - My number book തയ്യാറാക്കൽ

വ്യവകലനപ്രവർത്തനങ്ങൾ - ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങൾ
10-1 = 9 , 10-2 = 8 , 10-3 = 7.....

ചിഹ്നങ്ങൾ തിരിച്ചറിയൽ - സങ്കലനം, വ്യവകലനം എന്നി ചിഹ്നങ്ങളിൽ [+, −] തിരിച്ചറിവ് നേടുന്നു.

ഗണിതകിറ്റ് - ഗണിതകിറ്റ് പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ.

## പരിസരപഠനം

ലക്ഷ്യങ്ങൾ.

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ [വലിയമരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ] കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് എന്നീ ഭാഗങ്ങളുണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
* പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ [നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്] പട്ടികപ്പെടുത്തുന്നു.
* നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

ലക്ഷ്യം.

| | |
|---|---|
| • ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ. | - പ്രകൃതി നടത്തം, ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ ഇവ നിരീക്ഷിക്കുന്നു. പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. |
| • ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ് കായ് എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | - സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു. പൂന്തോട്ടത്തിലെ ചെടികൾ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. |
| • ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | - പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു.<br>- ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷ്യയോഗ്യം എന്ന് കണ്ടെത്തുന്നു.<br>- രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. |

# സെന്റ് ജോസഫ്സ് എൽ. പി. എസ് പിറവം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

ക്ലാസ്സ് : 2 വിഷയം: ഗണിതം

### ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

### മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ജൂൺ

**പ്രവർത്തനങ്ങൾ**

- 1, 2, 3, 4......

  1, 3, 5, 7....

  10, 20, 30, 40....

  5, 10, 15, 20....

  2, 4, 6, 8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പു ള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

**പ്രവർത്തനങ്ങൾ**

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5 = 10, 10+10= 20)

## ആഗസ്റ്റ്

**പ്രവർത്തനങ്ങൾ**

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

**പ്രവർത്തനങ്ങൾ**

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വില വിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട സ്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

**പ്രവർത്തനങ്ങൾ**

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

  5...10.... 15.... 20... 25

  (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

## നവംബർ

**പ്രവർത്തനങ്ങൾ**

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

  10 രൂപ + 5 രൂപ = 15 രൂപ

  നോട്ട്, നാണയം

## ഡിസംബർ

**പ്രവർത്തനങ്ങൾ**

- സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

**പ്രവർത്തനങ്ങൾ**

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
- പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

**പ്രവർത്തനങ്ങൾ**

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

**പ്രവർത്തനങ്ങൾ**

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# സെന്റ് ജോസഫ്സ് എൽ. പി. എസ് പിറവം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

ക്ലാസ്സ് : 2 | വിഷയം: മലയാളം

**ആമുഖം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)
- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**മുന്നൊരുക്കം**

- പ്രീ- ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും കുട്ടിക്ക് പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

### ജൂൺ

**പ്രവർത്തനങ്ങൾ**

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും, പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

### ജൂലൈ

**പ്രവർത്തനങ്ങൾ**

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും, എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

### ആഗസ്റ്റ്

**പ്രവർത്തനങ്ങൾ**

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു

### സെപ്റ്റംബർ

**പ്രവർത്തനങ്ങൾ**

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

## ഒക്ടോബർ

**പ്രവർത്തനങ്ങൾ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

**പ്രവർത്തനങ്ങൾ**

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

## ഡിസംബർ

**പ്രവർത്തനങ്ങൾ**

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

**പ്രവർത്തനങ്ങൾ**

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

**പ്രവർത്തനങ്ങൾ**

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

**പ്രവർത്തനങ്ങൾ**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുവാനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനക്ക് വേദി ഒരുക്കുന്നു. കുട്ടികളുടെ സർഗ്ഗ ശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.
- ആശയങ്ങളെ/ അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്നു.

# ST. JOSEPH'S LPS PIRAVOM

## ACADEMIC MASTER PLAN **2025 - 2026**

Class: II A

Subject: English

Aim : To speak, Read, & write English without any mistakes

**June to August**

Leaning out comes :1 ( Describes the Picture )

Activities ( Picture Description)

- The teacher shows a picture
- Discussion
- The Children talk about the Picture.
- Slow learners : - Gives opportunity to express their idea in Malayalam

**July to March**

Leaning out comes : 2 (Arrange word in alphabetical order)

Activities (Dictionary)

- Introducing the dictionary
- Gives words
- Arranging words in alphabetical order

**August to March**

Leaning out comes : 3 (Add more exchange to the conversation suitable to the context)

Activities (Conversation)

- Reading the conversation
- Conversation is acting with friends
- Add more exchange to the conversation
- Slow learners:- Gives opportunity to express their idea in Malayalam.

**July to September**

Leaning out comes : 4 (Identifies rhyming words from the poem)

Activities ( Rhyming Words)

- Plays the audio of song
- Let the learner sing after the audio
- Discussion
- Identifies rhyming words

**July to December**

Leaning out comes : 5 (Add lines to a poem following a set pattern)

Activities ( Add Moreliness)

- Plays the audio of song
- Let the learner sing after the audio
- Add lines to the poem

**August to March**

Leaning out comes : 6 (Makes simple riddles)

Activities ( Riddles)

- Gives children the opportunity to hear and answer simple riddles.
- Makes simple riddles
- Slow learners: - Gives opportunity to express their idea in Malayalam.
-

**October to March**

Leaning out comes : 7 (Undertakes simple project work given)

Activities (Project work)

- Give instruction
- Data Collection
- Codifying

**December to March**

Leaning out comes : 8 (Read and understands the given stories and poem)

Activities (Let's Read)

- Provides the opportunity to read simple stories and poem
- They read and tell the story

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3 2025 - 2026

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന :- മലയാളം തെറ്റു കൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | അധ്യാപകൻ | |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കാൻ | ജൂൺ | അധ്യാപകൻ | |
| | അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ, സിപിടിഎ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സിപിടിഎ | |
| | വായനാ കാർഡുകൾ നിർമ്മിക്കൽ | ജൂൺ – ജൂലൈ | അധ്യാപകൻ | |
| ലേഖനം :- വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതിദിനം പോസ്റ്റർ | | | |

| | | | | |
|---|---|---|---|---|
| | ജൂൺ 19 വായനാദിനം<br>വായനാവാരം | ജൂൺ<br>ജൂൺ | അധ്യാപകൻ | |
| - അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ആഗസ്റ്റ് 6 ഹിരോഷിമ ദിനം<br>പോസ്റ്റർ | ആഗസ്റ്റ് | | |
| | ആഗസ്റ്റ് 9 നാഗസാക്കി ദിനം | | | |
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | | |
| | സെപ്റ്റംബർ 5 അധ്യാപകദിനം<br>പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്റ്റംബർ | | |
| | ഒക്ടോബർ 2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | ഒക്ടോബർ 10 ദേശീയ തപാൽ ദിനം | | | |
| | കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| | നവംബർ 1 കേരളപ്പിറവി<br>പ്രസംഗം<br>നവംബർ 14 ശിശുദിനം | നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സിപിടിഎ | അധ്യയന വർഷം മുഴുവൻ | സിപിടിഎ | |

ക്ലാസ് 3 EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു.<br>* പ്രകൃതി നടത്തം<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>* പരിസ്ഥിതി ദിനാചരണം<br>* ഹരിതക്കാർഡ് നിർമാണം | S. R. G |
| ജൂലൈ | * വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രം<br>* മണ്ണ് നിരീക്ഷണം<br>* ജൈവ വൈവിധ്യ ഉദ്യാനം നിർമാണം<br>* ശലഭങ്ങൾ വരുന്ന ചെടികൾ | SRG |
| വർഷം മുഴുവൻ | * സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG |

| | | |
|---|---|---|
| ഓഗസ്റ്റ് | * മഴമാപിനി നിർമ്മാണം<br>* ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>* കിണർ സന്ദർശനം<br>* മണ്ണ് നിരീക്ഷണം, മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>* മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>* ആശയപടം തയ്യാറാക്കൽ | SRG |
| സെപ്റ്റംബർ | * ശുചിത്വ പോസ്റ്റർ നിർമ്മാണം.<br>* സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>* ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>* ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ | SRG, PTA |
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ് - പച്ചക്കറിത്തോട്ടം<br>* Food festival<br>* എന്റെ ആരോഗ്യകാർഡ് - ഓരോ കുട്ടിക്കും<br>* BMI കാണുന്നു<br>* സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>* ശരിയായ ഭക്ഷണ ശീലങ്ങൾ<br>- പോസ്റ്റർ | PTA, MPTA, SRG |

| | | |
|---|---|---|
| നവംബർ | * റോൾപ്ലേ - റോഡ് നിയമങ്ങൾ<br>* First aid Kit തയ്യാറാക്കൽ, Readers theater<br>* സ്വയ സുരക്ഷ - പത്ര കട്ടിംഗ്സ്<br>* ചർച്ച, ബോധവൽക്കരണം | SRG, CPTA |
| ഡിസംബർ | * പരീക്ഷണങ്ങൾ<br>* നിരീക്ഷണ പ്രവർത്തനം (globe, ICT)<br>* ഗ്ലോബ് നിർമാണം<br>* ദേശീയ പതാക വരയ്ക്കൽ<br>* ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>* ഭൂപട വായന<br>* എന്റെ കേരളം - ചിത്രരചന, കുറിപ്പ്<br>* ചോദ്യോത്തരപയറ്റ്<br>* ഭൂപ്രകൃതി തിരിച്ചറിയൽ - Google Map | |
| ജനുവരി<br>ഫെബ്രുവരി | * ജീവികളുടെ കൂടുകൾ - ചിത്രശേഖരണം<br>* വ്യത്യസ്തതരം വീടുകൾ - Album<br>* വ്യത്യസ്തതരം ജോലികൾ - Survey | SRG |
| മാർച്ച് | പഠനോത്സവം | PTA, MPTA, SRG |

# English

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | PTA |
| To study, write and read simple words | Circle the word from T.B and read | August - December | Teacher, students | Nil |
| Creat more opportunities for English Speaking in the Class room | Classroom communications should be in english, like;<br>* May I drink some water?<br>* May I go to bathroom?<br>* How are you?<br>* Are you happy?<br>* Let me take attendance<br>etc | Academic year | Teacher, students, Parents | Nil |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | പി.ടി.എ |
| | ഈർക്കിലുകൾ,കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപിക, സി.പി.ടി.എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപിക | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപിക, കുട്ടികൾ | സി.പി.ടി.എ. |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകർ, കുട്ടികൾ | ഇല്ല |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനക്കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ-നവംബർ | അധ്യാപകർ, കുട്ടികൾ | ഇല്ല |
| ഗുണനവസ്തുതകൾ നേടൽ | • മനഃക്കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ-ജനുവരി | അധ്യാപകർ, കുട്ടികൾ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐസിടി വിഭവങ്ങളുടെ ഉപയോഗം | ഫെബ്രുവരി-മാർച്ച് | അധ്യാപകർ, കുട്ടികൾ | ഇല്ല |

## English - Std -IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | Class Teacher | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | Class Teacher | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>skit, drama, conversation<br>story telling | മാസത്തിലൊന്ന് | Class Teacher | S M C |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | Class Teacher | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ്-പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | Class Teacher | രക്ഷിതാക്കൾ |

ഇംഗ്ലീഷ് ഫെസ്റ്റ്

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ) | വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിലൊന്ന് (അവധിക്കാലം) | SRG<br>SMC<br>Class Teacher | PTA |

# മലയാള ഭാഷ Std - IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തക പരിചയം വായനാ കുറിപ്പ്, ആസ്വാദ കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM SRG Class Teacher CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG Class Teacher | PTA |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |
| കണ്ടറിയാം.... കേട്ടറിയാം.... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം.... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജനന - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം. ക്വിസ് പ്രഭാഷണം ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |

| | | | | |
|---|---|---|---|---|
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ-വിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ-ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി-ക്കൽ | HM<br>SRG<br>CPTA<br>class Teacher | PTA |

# പരിസരപഠനം Std - IV

പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമൂല | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>class Teacher | PTA<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ ഭൂപട വായന - സൂചികാ പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം<br>കളങ്ങൾ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class Teacher | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം, - പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class Teacher | PTA |
| ശാസ്ത്രമാസിക | | | | |
| അറിവുകളുടെ രചന | ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>Class Teacher | PTA |

ഗണിതം Std -IV

കളിക്കാം... ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണയം. (പ്രഏണിയും പാമ്പും ഡയസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |

| ഗണിതലാബ് ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |